പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 793 | 11.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

ഭക്ഷ്യവസ്തുക്കളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.എം ആരിഫ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മായം കലർന്ന ഭക്ഷ്യവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനുള്ള ലാബ് സൗകര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ എവിടെയൊക്കെ; ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയത് സംബന്ധിച്ച് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | ഉണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് ടെസ്റ്റിംഗ് ലാബുകളും പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി കാർഷിക സർവകലാ ശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിന്റെ സേവനവും മത്സ്യ സാമ്പിളുകൾ പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ Centre Institute of Fisheries Technology(CIFT) ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. ഇതോടൊപ്പം തന്നെ ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള ഏതാനും സ്വകാര്യ ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.നിശ്ചിത ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്തതിന് 95 വ്യാപാരികൾക്കെതിരെ അഡ്ജുഡിക്കേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.കൂടാതെ മായം ചേർത്തതിന് 26 ക്രിമിനൽ കേസുകളും രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ